പ്രത്യേകമായി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ഡലം വനപാലകൻ സ്ഥലം സന്ദർശിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ റിപ്പോർട്ടനുസരിച്ച് ഏതാണ്ട് മൂന്നുലക്ഷം രൂപ ചെലവഴിച്ചാൽ അവിടെ ഒരു നല്ല കോൺക്രീറ്റ് പാലം തന്നെ പണിയാൻ കഴിയുമെന്നാണ് മനസിലാകുന്നത്. പാലം എങ്ങനെ കെട്ടണം, ആരു മുഖേന കെട്ടണം, തുടങ്ങിയ കാര്യങ്ങളും ചർച്ച ചെയ്യാനിരിക്കുന്നതേയുള്ളു. ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും എല്ലാം പരിഗണിച്ചാണ് ഈ നടപടിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് താമസിയാതെ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(4) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ മാറ്റാനുള്ള നടപടി

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പാലക്കാട് ജില്ലയിൽ പട്ടാമ്പി, തൃത്താല, ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം, മണ്ണാർക്കാട്, അട്ടപ്പാടി എന്നീ ബ്ലോക്കുകളിൽ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഡിവിഷൻ രൂപീകരിച്ചശേഷമാണ് ആ മേഖലകളിൽ അത്ഭുതസ്പർശം ഇതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു തുടങ്ങിയത്. ഏക്കാലവും വരൾച്ചയെ നേരിടുന്ന ഒരു ജില്ലയിൽ വിശേഷിച്ച് പാലക്കാട് ജില്ലയിലെ പിന്നോക്ക പ്രദേശമായ ഈ ബ്ലോക്കുകളെ സംയുക്തമായി ചേർത്ത് രൂപീകരിച്ച ഈ ഡിവിഷൻ ഇപ്പോൾ മാറ്റുന്നതിനുവേണ്ടി അണിയറയിൽ ചില നീക്കങ്ങൾ നടക്കുന്നു എന്നാണ് അറിയുന്നത്. അതിനെത്തുടർന്ന് ജീവനക്കാരും നാട്ടുകാരും എല്ലാ രാഷ്ട്രീയ പാർട്ടികളും സമരത്തിലാണ്. ഇപ്പോൾ ധാരാളം പദ്ധതികൾ ഏറ്റെടുക്കാനും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും ശ്രമിക്കുന്ന സാഹചര്യത്തിൽ ഈ പിന്നോക്ക പ്രദേശങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച ഡിവിഷൻ ഇവിടെ നിന്ന് മാറ്റുകയെന്നു പറയുന്നത് ആത്മഹത്യാപരമാണ്. അവിടെ അതിനു പറയുന്ന ന്യായങ്ങൾ, അവിടെ നാലഞ്ചു മണ്ഡലങ്ങളിൽ പ്രതിപക്ഷ എം. എൽ. എ. മാരാണ് ഉള്ളത്, അതുകൊണ്ട് മറ്റെതെങ്കിലും സ്ഥലങ്ങളിൽ കൊണ്ടുപോകാൻ പോകുന്നു എന്നാണ് ഇത്തരം ഒരു പിന്നോക്ക ജില്ലയിൽ പിന്നോക്ക പ്രദേശങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച ഈ ഡിവിഷൻ പ്രതിപക്ഷ എം. എൽ. എ. മാരാണ് ഉള്ളത് എന്നതിന്റെ പേരിൽ മാറ്റുകയെന്നത് ന്യായമാണോ? അതിനെക്കുറിച്ച് ആലോചിക്കണം. അവിടെ ആ ഡിവിഷൻ പുനഃസ്ഥാപിക്കുന്നതിനും ഏറ്റെടുത്ത പ്രവർത്തനങ്ങൾ കുറച്ചുകൂടി ദ്രുതഗതിയിൽ നടപ്പാക്കുന്നതിനും വേണ്ടി ആ ഡിവിഷനെ ശക്തിപ്പെടുത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇത് അടിസ്ഥാനമില്ലാത്ത ഒരു ഭീതിയാണ്. തീർച്ചയായിട്ടും പ്രതിപക്ഷമായതുകൊണ്ടല്ല അങ്ങനെ ചെയ്യുന്നത്. പ്രതിപക്ഷത്തോട് അങ്ങേയറ്റത്തെ ആദരവ് കാണിക്കുന്ന ഒരു നിലപാടാണ് ഞങ്ങൾ എടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആഫീസ് മാറ്റുന്നതല്ല, മാറ്റാനുള്ള ഒരു നടപടിയും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly